## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :93 — 11.02.2016 ൽ മറുപടിയ്ക്ക്

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.പി.തിലോത്തമൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത സംസ്ഥാനമായി മാറ്റുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | ഉണ്ട്. കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിവിധഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കണ്ണൂർ, കാസർഗോഡ് ജില്ലകളെ ആദ്യഘട്ടത്തിലും, ഇടുക്കി ജില്ലയെ രണ്ടാം ഘട്ടത്തിലും ഭൂരഹിത കുടുംബങ്ങളില്ലാത്ത ജില്ലകളാക്കി മാറ്റുവാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതി പ്രകാരം പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ രണ്ടാംഘട്ട പ്രവർത്തനം പുരോഗമിച്ചു വരികയാണ്. |
| (ബി) | സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പേർ ഭൂമിക്കുവേണ്ടി അപേക്ഷകൾ സമർപ്പിച്ചു ; അതിൽ എത്ര പേർ ഇപ്പോഴും ഭൂരഹിതരായി കഴിയുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ; | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കേരളത്തിൽ എത്ര ഭൂരഹിത കുടുംബങ്ങൾ ഉണ്ടെന്ന ആധികാരിക രേഖയില്ലായിരുന്നു. ഭൂരഹിതരായ കുടുംബങ്ങളുടെ ആധികാരിക കണക്ക് പ്രസിദ്ധീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് വേണ്ടി 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ നിന്നും 2,43,928 കുടുംബങ്ങളെ |

| | | |
|---|---|---|
| | | ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും 43,437 പേർക്ക് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി എന്നീ 3 ജില്ലകളിലെ അർഹരായ മുഴുവൻ അപേക്ഷകർക്കും ഭൂമിനൽകിക്കൊണ്ട്, ടി 3 ജില്ലകളെ രാജ്യത്തെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചു. 2,00,491 ഗുണഭോക്താക്കൾക്ക് കൂടി പട്ടയം നൽകാനുണ്ട്. 01.02.2014 മുതൽ 31.03.2014 വരെ പദ്ധതിയിലേക്ക് വീണ്ടും അപേക്ഷകൾ ക്ഷണിച്ചിരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികളിലും റവന്യൂ വകുപ്പ് മന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വെ അദാലത്തുകളിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽ നിന്നും പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല. |
| (സി) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക വേണ്ടി മാറ്റിവച്ച തുക ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുക; | പദ്ധതിക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷം 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ അനുവദിച്ചിരുന്ന തുകയും ചെലവായ തുകയും ചുവടെ ചേർക്കുന്നു:- |

| സാമ്പത്തിക വർഷം | അനുവദിച്ച തുക | ചെലവാക്കിയ തുക |
|---|---|---|
| 2012-13 | 6,50,00,000 | 1,01,72,550 |
| 2013-14 | 3,00,00,000 | 1,33,04,003 |
| 2014-15 | 10,00,00,000 | 40,09,949 |
| 2015-16 | 6,00,00,000 | 1,36,16,446 |
| **ആകെ** | **25,50,00,000** | **4,11,02,948** |

2014-15 സാമ്പത്തിക വർഷം ചെലവാകാതെ വന്ന 9.54 കോടി രൂപ ഇലക്ട്രോണിക് ലെഡ്ജർ

| | | |
|---|---|---|
| | | അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ഇതിൽ നിന്നുള്ള 6 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം പദ്ധതിക്കായി ചെലവാക്കി വരുന്നത്. |
| (ഡി) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ? | കേരളത്തിന് വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിച്ച പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. കണ്ണൂർ, കാസർഗോഡ്, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ സർക്കാർ ഭൂമിക്ക് ഏറെ ദൗർലഭ്യവും കോടതികേസുകളും മൂലം ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് തടസ്സം നേരിട്ടു. ആവശ്യമായ ഭൂമി മറ്റ് ജില്ലകളിലും കണ്ടെത്തി പദ്ധതി പൂർത്തിയാക്കുന്നതിന് വേണ്ടി ത്വരിതഗതിയിൽ പ്രവർത്തനം നടന്നു വരുന്നു. |

e.k.v.Kunny
സെക്ഷൻ ഓഫീസർ